വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

83 [122] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്രചെയ്യുന്നതിന് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള കൺസഷൻ ടിക്കറ്റുകൾ ലഭിക്കുന്നതിന് ഇന്ന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ അൽപ്പമെങ്കിലും കുറയ്ക്കുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

വ്യക്തമായ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചാൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്.

കുറവിലങ്ങാട്–കണക്കഞ്ചേരി ബസ് സർവ്വീസ്

84 [123] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ഡിസ്ട്രിക്ടിൽനിന്ന് കോട്ടയം–നീണ്ടൂർ റൂട്ടിൽ (കുറവിലങ്ങാട്–കണക്കഞ്ചേരി വഴി) ഇപ്പോൾ ബസ് സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് തുടങ്ങാമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) സ്ഥലവാസികളുടെ ഒരു ചിരകാലാഭിലാഷമായ ഈ സർവ്വീസ് എത്രയും പെട്ടെന്ന് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

സിറ്റി സർവ്വീസ് ബസ്സുകൾ കൃത്യസമയത്ത് ഓടിക്കുവാൻ നടപടി

85 [124] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി സർവ്വീസ് ബസ്സുകൾ മിക്കതും കൃത്യസമയത്ത് പുറപ്പെടാതെ, ഒരേറൂട്ടിലുള്ള പല സമയത്തായി പുറപ്പെടേണ്ട ബസ്സുകൾ ഒരേ സമയത്ത് പുറപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബസ്സുകൾ കൃത്യസമയത്തുതന്നെ പുറപ്പെടുന്നതിന് വേണ്ട നടപടികൾ കർശനമായി കൈക്കൊള്ളുമോ?

ഉത്തരം

(എ) കഴിവതും കൃത്യസമയത്ത് തന്നെയാണ് പുറപ്പെടുന്നത്. ചില അവസരങ്ങളിൽ ഒരേ റൂട്ടിലേയ്ക്കുള്ള ബസ്സുകൾ ഒന്നിച്ചുകാണുന്നത്

LIBRARY ARCHIVES Kerala Legislative Assembly